# 03/04/2025

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/04/2025

1. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

2. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജീനോം അനാലിസിസ് ലാബിൽ 'റിസർച്ച് അസോസിയേറ്റ് (ബയോ ഇൻഫർമാറ്റികസ്)' നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ബയോ ഇൻഫർമാറ്റിക്സ്/ കമ്പ്യൂട്ടേഷണൽ ബയോളജി ഇവയിലേതിലെങ്കിലും ഡോക്ടറൽ ബിരുദമുള്ളവരോ അല്ലെങ്കിൽ ബയോ ഇൻഫർമാറ്റിക്സ്/ ബയോസയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ഒരു പ്രമുഖ സ്ഥാപനത്തിൽ ട്രാൻസ്ക്രിപ്റ്റോം, ഹോൾജീനോം, മെറ്റാജീനോം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ എൻ.ജി.എസ്. (ചഏട) ഡേറ്റ അനാലിസിസിൽ മൂന്നുവർഷമെങ്കിലും ഗവേഷണ പരിചയമുള്ളവരോ ആയിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01 ന് 35 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ യോഗ്യതകളും പ്രവൃത്തിപരിചയവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം അപേക്ഷകൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് സെക്രട്ടറി (റിസർച്ച്) യുടെ പേരിൽ 2025 ഏപ്രിൽ 04നു മുമ്പ് ലഭിക്കത്തക്കവണ്ണം ഇ മെയിൽ ചെയ്യുക. വിലാസം resadm@rubberboard.org.in കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക

1. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ സൂക്ഷ്മ ജലസേചനം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളായ ഡ്രിപ്, സ്പ്രിങ്ക്ളർ, മൈക്രോ സ്പ്രിങ്ക്ളർ, റെയ്ൻ ഗൺ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ചെറുകിട കർഷകർക്ക് അനുവദനീയ ചെലവിന്റെ 55 ശതമാനവും മറ്റു കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ കൃഷിക്ക്

**Haripriya Devi VV (I/C)** **Dr. Binu Harriet Ivan**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആനുകൂല്യം ലഭിക്കും. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിൻ്റെ കോപ്പി, നികുതി രസീതി, ബാങ്ക് പാസ്ബുക്കിൻ്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലയിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കണം. ഫോൺ: 8606069173,9567748516.

**പരിശീലന പരിപാടി**

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന 'Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്രസ്വകോഴ്സിലെ പുതിയ ബാച്ച് 2025 മാർച്ച് 5 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 4 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ- വുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 5 മുതൽ പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

**3. കാർഷിക നിർദേശം**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തക്കാളി, വഴുതന, മുളക് മുതലായ വിളകളിൽ ബാക്ടീരിയൽ വാട്ടരോഗം കാണാറുണ്ട് . പുളി രസം കൂടുതലുള്ള മണ്ണിൽ ഈ രോഗം ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലായിരിക്കും. അത്തരം മണ്ണിൽ നിലം ഒരുക്കുമ്പോൾ തന്നെ ഒരു സെൻ്റിന് രണ്ടര കിലോഗ്രാം കുമ്മായം ചേർക്കണം. രോഗസാദ്ധ്യത കുറയ്ക്കുന്നതിനോടൊപ്പം പോഷകമൂലകങ്ങളുടെ ആഗിരണം വർദ്ധിപ്പിക്കുന്നതിനും കുമ്മാ യ പ്രയോഗത്തിലൂടെ സാധിക്കും. രോഗം ബാധിച്ച് വാടി നിൽക്കുന്ന ചെടികൾ അപ്പോൾ തന്നെ വേരോടെ പിഴുത് നശിപ്പിക്കണം. രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുകയാണ് രോഗം ചെറുക്കുന്നതിനുള്ള മറ്റൊരു പോംവഴി. ശക്തി, മുക്തി, അനഘ എന്നീ തക്കാളി ഇനങ്ങളും നീലിമ, ഹരിത, ശ്വേത എന്നീ വഴുതിനയിനങ്ങളും ഉജ്ജ്വല, അനുഗ്രഹ എന്നീ മുളകിനങ്ങളും ഈ രോഗത്തെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം